**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3872** | **06-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ അണക്കെട്ടുകളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന അണക്കെട്ടുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ജലവിഭവ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ച് വരുന്ന അണക്കെട്ട് കാരാപ്പുഴ അണക്കെട്ടാണ്. |
| (ബി) | ഇവയോട് അനുബന്ധിച്ച് നിലവിൽ നടപ്പാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി സ.ഉ(സാധാ) നം. 1953/2012/TSM തീയതി 09/03/2012 പ്രകാരം 492.03 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, ഓപ്പൺ എയർ തിയേറ്ററും വീഡിയോ പ്രസന്റേഷൻ ഹാളും, സുവനീറും സുഗന്ധവ്യഞ്ജന സ്റ്റാളുകളും, നടപ്പാതയും പാർക്കിംഗ് ഏരിയയും, ലാന്റ്സ്കേപ്പിംഗ് , വൈദ്യുതീകരണവും ലൈറ്റിംഗും തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തി ഒന്നാം ഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി സ.ഉ(സാധാ) നം. 3928/2014/TSM തീയതി 21/05/2014 പ്രകാരം 229 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പ്രവേശന കവാടം, ഗ്രാനൈറ്റ് സീറ്റിംഗ്, സാഹസിക വിനോദത്തിനായുള്ള പാർക്ക്, ഫൗണ്ടൻ, ഹാന്റ് റെയിൽ, ഇന്റർ ലോക്ക്, ഗസീബോ, പാർക്കിംഗ് യാർഡ്, സോളാർ ലൈറ്റുകൾ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി രണ്ടാം ഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി സ.ഉ (സാധാ)നം. 173/2017/TSM തീയതി 25/03/2017 പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി, നടപ്പാത, ഫിഷിംഗ് ഡോക്കുകൾ, കുളങ്ങൾ, ഗസീബോസ്, പാർക്കിംഗ് യാർഡ്, ലാന്റ് സ്കേപ്പിംഗ്, പവലിയൻ, ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ബാക്കി വരുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |
| (സി) | ജലസേചന പദ്ധതികളോട് അനുബന്ധിച്ച് ടൂറിസം ഹബ്ബുകൾ വികസിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ | (സി) | ഡാമിന്റെ സുരക്ഷിതത്വവും പരിസ്ഥിതിയും പൂർണ്ണമായും സംരക്ഷിച്ച് കൊണ്ടും കേരള ഡാം |

| | | | |
|---|---|---|---|
| | അനുഭാവപൂർവ്വം പരിഗണിക്കാമോ? | | സേഫ്റ്റി അതോറിറ്റി നിർദ്ദേശം അനുസരിച്ചുകൊണ്ടുമുള്ള ടൂറിസം ഹബ്ബുകൾ വികസിപ്പിച്ച് അതിൽ നിന്നുള്ള വരുമാനം ഡാമിന്റെ മെയിന്റനൻസിനും സംരക്ഷണത്തിനും കൂടി ഉതകുന്ന രീതിയിൽ വിനിയോഗിക്കുന്ന പദ്ധതികൾ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ